# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 691 07.01.2014- ൽ മറുപടിക്ക്

### കൈത്തറി വ്യവസായത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശശി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായത്തിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ ഓരോന്നിനും 2010-11 മുതൽ 2013-14 വരെയുള്ള ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയും സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയും എത്രവീതമെന്നും വ്യക്തമാക്കാമോ; | (എ) കൈത്തറി വ്യവസായത്തിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മുകളിൽപരാമർശിച്ച പദ്ധതികൾക്കായി സംസ്ഥാനസർക്കാർ ചെലവഴിച്ച തുക പൂർണ്ണമായും കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ; | (ബി) 2012-13 ലെ മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയിലെ കേന്ദ്ര സർക്കാരിന്റെ ഷെയർ മാത്രമേ ലഭിക്കാനുള്ളൂ.<br><br><u>എൻഫോഴ്സ്മെന്റ് മെഷിനറി</u><br>ഈ പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിലേയ്ക്ക് ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിക്കുകയും സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും ടി തുക റീഇമ്പേഴ്സ് ചെയ്ത് തരുകയുമാണ് ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം 2010-11 വർഷത്തിൽ 12.37 |

ലക്ഷം രൂപയും 2011-12 വർഷത്തിൽ 17.73 ലക്ഷം രൂപയും 2012-13 വർഷത്തിൽ 18.87 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

<u>ഐ.എച്ച്.ഡി.എസ്</u>

300 മുതൽ 500 വരെ ലൂമേജ് ഉള്ള ക്ലസ്റ്ററുകളുടെ വികസനം. ഈ പദ്ധതി അനുസരിച്ച് 2011-12 വർഷം 325.26 ലക്ഷം രൂപയും 2012-13 ൽ 302.37 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

<u>കൈത്തറി വികസനത്തിന് ഗ്രൂപ്പ് സമീപനം</u>

ഈ പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം മുഴുവനും ലഭിച്ചിട്ടുണ്ട്. 2011-12 വർഷം 32.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

<u>കൈത്തറി സ്ഥാപനങ്ങൾക്ക് ധനസഹായം</u>

മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി പ്രകാരം 2010-11-ൽ 252.07 ലക്ഷം രൂപയും 2011-12 വർഷത്തിൽ 273.73 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ഷെയറായി ലഭിച്ചിട്ടുണ്ട്. 2012-13 വർഷത്തെ മാർക്കറ്റിംഗ് ഇൻസെന്റീവിന്റെ സെൻട്രൽ ഷെയർ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്.

<u>കൈത്തറി മേഖലയ്ക്കുള്ള പുനരാവിഷ്കൃത സാമ്പത്തിക പാക്കേജ്</u>

കൈത്തറി സഹകരണസംഘങ്ങളുടെ കടബാദ്ധ്യത തീർപ്പാക്കുന്ന പദ്ധതി നബാർഡ് വഴിയാണ് നടപ്പാക്കുന്നത്. കഴിഞ്ഞ വർഷം 124 പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 27.93 കോടി രൂപ അനുവദിച്ചതായും 24.40 കോടി വിതരണം ചെയ്തതായും നബാർഡ് അറിയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) | ചെലവഴിച്ച തുക പൂർണ്ണമായും ലഭിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്നും; ചെലവായ തുക പൂർണ്ണമായും ലഭിക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | 2012-13 വർഷത്തെ മാർക്കറ്റിംഗ് ഇൻസെന്റീവിൽ സെൻട്രൽ ഷെയർ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. 12-ാം പഞ്ചവത്സരപദ്ധതിയിൽ മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് (നോംസ്) മാറ്റം വരുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് 2012-13 ലെ മാർക്കറ്റിംഗ് ഇൻസെന്റീവ് ക്ലയിം ലഭിക്കുന്നതിന് കാലതാമസം വരുന്നത്. പുതിയ നോംസ് 21.11.2013 ലാണ് പുറത്തിറക്കിയത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

( തുക ലക്ഷത്തിൽ)

| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | ബഡ്ജറ്റ് തുക | ചെലവഴിച്ച തുക | ബഡ്ജറ്റ് തുക | ചെലവഴിച്ച തുക | ബഡ്ജറ്റ് തുക | ചെലവഴിച്ച തുക | ബഡ്ജറ്റ് തുക | ചെലവഴിച്ച തുക (31.12.2013) |
|---|---|---|---|---|---|---|---|---|---|
| | | 2010-11 | 2010-11 | 2011-12 | 2011-12 | 2012-13 | 2012-13 | 2013-14 | 2013-14 |
| 1 | എൻഫോഴ്സ്മെന്റ് മെഷിനറി (100% കേന്ദ്രവിഹിതം) 2851-00-103-83 | 25 | 12.37 | 25 | 17.73 | 25 | 18.87 | 30 | 15.17 |
| 2 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (എം.ജി.ബി.ബി.വൈ) 2851-00-103-78 | 8 | 8 | 12 | 9.79 | 18 | 9.12 | 18 | 5.84 |
| 3 | ഹെൽത്ത് ഇൻഷ്വറൻസ് സ്കീം 2851-00-103-44 | 18 | 17.5 | 19.38 | 6.12 | 23.25 | 14.91 | | |
| | സമഗ്ര കൈത്തറി വികസന പദ്ധതി (ഐ.എച്ച്.ഡി.എസ്) | | | | | | | | |
| 4 | എ.300 മുതൽ 500 വരെ ലൂമേജ് ഉള്ള ക്ലസ്റ്ററുകളുടെ വികസനം 2851-00-103-47 | 100 | | 325.27 | 325.26 | 399.5 | 302.37 | 172.5 | |
| 5 | ബി.കൈത്തറിയുടെ വികസനത്തിന് ഗ്രൂപ്പ് സമീപനം 2851-00-103-46 | 50 | | 60 | 32.14 | 128 | 0 | 47.5 | |
| 6 | സി. കൈത്തറി സ്ഥാപനങ്ങൾക്ക് ധനസഹായം (i)വിപണന പ്രോത്സാഹനം 2851-00-103-45 | 500 | 417.28 | 500 | 400.91 | 550 | 538.39 | 400 | 142.33 |
| 7 | (ii) കൈത്തറി സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ (ഹാന്റക്സും ഹാൻവീവും) 4851-00-195-64 | 20 | | 0.02 | | 20 | 0 | | |
| 8 | കൈത്തറി മേഖലയ്ക്കുള്ള പുനരാവിഷ്കൃത സാമ്പത്തിക പാക്കേജ് 2851-00-103-40 | | | 500 | 500 | 500 | 500 | 500 | 500 |
| 9 | യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 2851-00-108-95 | 0.1 | 0.09 | 1 | 0.21 | 1 | 0.31 | 0.5 | 0.14 |
| | ആകെ | **721.1.** | **455.24** | **1442.67** | **1292.16** | **1664.75** | **1383.97** | **1168.5** | **663.48** |

(signature)

സെക്ഷൻ ഓഫീസർ